ദേശാഭിമാനി 30 November 2021

# ബയോഫ്ളോക് മീൻകൃഷി: പട്ടികജാതി കുടുംബങ്ങളെ സംരംഭകരാക്കാൻ സിഎംഎഫ്ആർഐ

**കൊച്ചി**

ബയോഫ്ളോക് നൂതന മീൻകൃഷിയിലൂടെ സിഎംഎഫ്ആർഐ പട്ടികജാതി കുടുംബങ്ങളെ സ്വയംസംരംഭകരാക്കുന്നു. സിഎംഎഫ്ആർഐ ഷെഡ്യൂൾഡ് കാസ്റ്റ് സബ് പ്ലാൻ പദ്ധതിയിലൂടെ ചേരാനല്ലൂരിലെ അഞ്ച് പട്ടികജാതി കുടുംബങ്ങൾ ബയോഫ്ളോക് കൃഷിക്ക് തുടക്കമിട്ടു. 1800 ഗിഫ്റ്റ് തിലാപ്പിയയാണ് കൃഷി ചെയ്യുന്നത്. എട്ടുമാസംകൊണ്ട് ഒരു മീനിന് 500 ഗ്രാം തൂക്കം ലഭിക്കുമെന്നാണ് പ്രതീക്ഷ. കൃഷിയിലൂടെ 1.35 ലക്ഷം രൂപ വരുമാനമാണ് ലക്ഷ്യമിടുന്നത്. മീനുകളുടെ വളർച്ച ത്വരിതപ്പെടുത്തുന്നരീതിയിൽ വിവിധ സൗകര്യങ്ങളോടെ നിർമിച്ച ടാങ്ക്, അനുബന്ധസൗകര്യങ്ങൾ, മീൻകുഞ്ഞുങ്ങൾ, മീൻതീറ്റ തുടങ്ങിയവ സിഎംഎഫ്ആർഐ പട്ടികജാതി കുടുംബങ്ങൾക്ക് നൽകി. അഞ്ചു മീറ്റർ വ്യാസവും 1.20 മീറ്റർ ഉയരവുമുള്ള ടാങ്കിന് 23,500 ലിറ്റർ സംഭരണശേഷിയുണ്ട്. കൃഷിയുടെ ഓരോഘട്ടവും സിഎംഎഫ്ആർഐയിലെ ഗവേഷണസംഘം നിരീക്ഷിക്കും. വെള്ളത്തിന്റെ ഗുണനിലവാരം നിലനിർത്താൻ ജലഗുണനിലവാര കിറ്റ് കർഷകർക്ക് നൽകിയിട്ടുണ്ട്.

മറ്റു മീൻകൃഷികളെ അപേക്ഷിച്ച് ബയോഫ്ളോക്കിന് വെള്ളം കുറച്ചുമതി. കൂടുതൽ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് ബാക്ടീരിയകളെ ഗുണകരമായി ഉപയോഗപ്പെടുത്തിയുള്ള കൃഷിരീതിയാണിത്. തീറ്റയും കുറവ് മതി. ജലാശയമോ കുളമോ ഇല്ലാത്തവർക്ക് ഈ രീതി ഗുണപ്രദമാണ്. ഷെഡ്യൂൾഡ് കാസ്റ്റ് സബ് പ്ലാൻ പദ്ധതിയിലൂടെ പട്ടികജാതി കുടുംബങ്ങൾക്ക് കൂടുമീൻകൃഷി നടത്താൻ സിഎംഎഫ്ആർഐ സഹായം നൽകിവരുന്നുണ്ട്. ഇതിനുപുറമെയാണ് ജലാശയ സൗകര്യങ്ങൾ ലഭ്യമല്ലാത്തവർക്ക് ബയോഫ്ളോക് മീൻകൃഷിക്ക് സാഹചര്യമൊരുക്കുന്നത്. പാലക്കാട്, തൃശൂർ, ഇടുക്കി, കോട്ടയം, കൊല്ലം ജില്ലകളിലും സിഎംഎഫ്ആർഐയുടെ നേതൃത്വത്തിൽ ബയോഫ്ളോക് മീൻകൃഷികൾ നടക്കുന്നുണ്ട്.

ഡോ. കെ മധുവിന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. മീൻകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന ചടങ്ങിൽ ചേരാനല്ലൂർ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ആരിഫ മുഹമ്മദ്, എ എൻ രാധാകൃഷ്ണൻ, വി ബി അൻസാർ, ഡോ. കെ മധു എന്നിവർ പങ്കെടുത്തു.